## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 540**

**04.02.2020 ൽ മറുപടിക്ക്**

### വ്യവസായ പുരോഗതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.സി.ജോസഫ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** | 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം സംസ്ഥാനത്തെ വ്യവസായ പുരോഗതിക്ക് എത്രമാത്രം സഹായകമായി എന്ന് വ്യക്തമാക്കുമോ; | **(എ)** | 2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം മുഖേന 7 ആക്ടുകളും 10 നിയമങ്ങളും, വ്യവസായ സംരംഭകർക്ക് സഹായകമാകുന്ന വിധത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇത് മൂലം വ്യവസായം തുടങ്ങുന്നതിനുള്ള അനുമതികളും/ ലൈസൻസുകളും സുതാര്യതയോടു കൂടി കാലതാമസം കൂടാതെ നേടുന്നതിന് സംരംഭകരെ സഹായിക്കുന്നുണ്ട്.<br>സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റികൊണ്ടിരിക്കുന്നു. ഇത് മൂലം സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ യൂണിറ്റുകളിലൂടെ 2018 ന ശേഷം ഏകദേശം 2300 കോടി രൂപയുടെ നിക്ഷേപവും 84000 തൊഴിലും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| **(ബി)** | ഈ നിയമം നിലവിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു; | **(ബി)** | ഈ നിയമം നിലവിൽ വന്ന ശേഷം സംസ്ഥാനത്ത് 24023 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനം വഴി ഇതിനകം 519 കോമൺ അപ്ലിക്കേഷൻ ഫോം സമർപ്പിച്ചതിൽ 481 അനുമതികൾ/ ലൈസൻസുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 251 അനുമതികൾ/ലൈസൻസുകൾ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| **(സി)** | പത്ത് കോടി രൂപ മുതൽമുടക്കുള്ള മാലിന്യം ഉണ്ടാക്കാത്ത വ്യവസായങ്ങൾക്ക് ലൈസൻസോ, പെർമിറ്റോ ഇല്ലാതെ അനുമതി നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | **(സി)** | പത്ത് കോടി രൂപയിൽ താഴെ മുതൽമുടക്കുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ വിജ്ഞാപനം അനുസരിച്ച് ചുവപ്പ് വിഭാഗത്തിൽ പെടാത്തതുമായ വ്യവസായങ്ങൾ അതിവേഗം ആരംഭിക്കുന്നതിന് 2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ ആക്ട് പുറപ്പെടുവിക്കുകയും ഇതിന്റെ ചട്ടങ്ങളും വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. ഇതുമൂലം ആവശ്യമായ അനുമതികൾ/ ലൈസൻസുകൾ/ക്ലിയറൻസുകൾ എന്നിവയ്ക്ക് മൂന്ന് വർഷത്തെ ഇളവ് ലഭിക്കുന്നതാണ്. |
| **(ഡി)** | 1999-ലെ കേരളാ വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ട് ഇക്കാര്യത്തിനായി ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | **(ഡി)** | 2019 -ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും(ഭേദഗതി) ആക്ട് 7 ഡിസംബർ 2019 ൽ വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയ ബന്ധിതമായി, അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേക്കായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും, സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടിയ്ക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. |

**സെക്ഷൻ ഓഫീസർ**